# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 3784

15..05..2017 -ൽ
മറുപടിയ്ക്ക്

## കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി

*ചോദ്യം*
ശ്രീ. മുല്ലക്കര രത്നാകരൻ

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതിലും പുതിയ സെമസ്റ്ററുകൾ ആരംഭിക്കുന്നതിലും കാലതാമസം വരുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയുടെ റീ എക്സാം ഒഴികെയുള്ള ബി.ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ കഴിഞ്ഞത് ജനുവരി 27-ാം തീയതിയും റീ എക്സാം കഴിഞ്ഞത് ഫെബ്രുവരി 25-ാം തീയതിയുമാണ്. റീ എക്സാം ഒഴികെയുള്ളവയുടെ റിസൾട്ട് ഏപ്രിൽ 4-ാം തീയതിയും റീ എക്സാം സബ്ജക്റ്റിന്റേത് ഏപ്രിൽ 27-ാം തീയതിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

റീ എക്സാം ഒഴികെയുള്ള ബി.ടെക് മൂന്നാം സെമസ്റ്റർ പരീക്ഷകൾ കഴിഞ്ഞത് ജനുവരി 30-ാം തീയതിയും , റീ എക്സാം കഴിഞ്ഞത് മാർച്ച് 4-ാം തീയതിയുമാണ്. റീ എക്സാം ഒഴികെയുള്ളവയുടെ റിസൾട്ട് മേയ് 2-ാം തീയതി പ്രസിദ്ധീകരിക്കുകയും, റീ എക്സാം സബ്ജക്ടിന്റേത് മേയ് 9-ാം തീയതി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

പരീക്ഷാ ഫലം വളരെവേഗംതന്നെ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ സർവ്വകലാശാല കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സാങ്കേതിക സർവ്വകലാശാല തുടക്കം മുതൽ തന്നെ ഒരു അക്കാദമിക കലണ്ടർ പ്രസിദ്ധീകരിച്ച് അതനുസരിച്ചുള്ള പഠന-പരീക്ഷാ സമ്പ്രദായമാണ് നടപ്പിലാക്കി വരുന്നത്.

*സെക്ഷൻ ഓഫീസർ*